# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4702 28.06.2013-ലെ മറുപടിയ്ക്ക്

## ലോകബാങ്ക് ഫണ്ട് വിനിയോഗം

| ചോദ്യം<br>ശ്രീ.കെ.എൻ.എ.ഖാദർ | | ഉത്തരം<br>ഡോ: എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഗ്രാമപഞ്ചായത്തുകൾക്കും നഗരകാര്യ സ്ഥാപനങ്ങൾക്കും ലോകബാങ്ക് നൽകുന്ന സഹായധനം വിനിയോഗിക്കുന്നത് ഏത് വിധമായിരിക്കണമെന്ന് ലോകബാങ്ക് വ്യവസ്ഥകൾ വച്ചിട്ടുണ്ടോ ; | (എ) | വ്യവസ്ഥകൾ വച്ചിട്ടുണ്ട്. |
| (ബി) | പദ്ധതി വിനിയോഗങ്ങളുടെ വിശദാംശങ്ങൾ പരസ്യപ്പെടുത്തണമെന്നും എല്ലാ നടപടികളും സുതാര്യമായിരിക്കണമെന്നും വ്യവസ്ഥയുണ്ടോ; അത് പാലിക്കപ്പെടുന്നുണ്ടോ ; | (ബി) | ഉണ്ട്.<br>പാലിക്കപ്പെടുന്നുണ്ട്. |
| (സി) | ഈ വ്യവസ്ഥകൾ പാലിക്കാൻ കഴിയാത്ത പക്ഷം തദ്ദേശ സ്ഥാപനങ്ങൾ ഫണ്ട് തിരിച്ചടയ്ക്കേണ്ടതുണ്ടോ; ലോകബാങ്ക് ഫണ്ട് എത്രയാണ് സംസ്ഥാനത്താകെ ലഭിച്ചതെന്നും അതിന്റെ വിനിയോഗം ഏത് വിധത്തിലാണെന്നും മറ്റും വിശദാംശങ്ങളും വ്യക്തമാക്കുമോ ? | (സി) | പെർഫോമൻസ് ഗ്രാന്റ് ഉപയോഗിക്കാൻ പാടില്ലാത്ത പ്രവൃത്തികൾക്ക് ഫണ്ട് ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ആയവ തിരിച്ചടയ്ക്കേണ്ടതുണ്ട്.<br>നാളിതുവരെ കെ.എൽ.ജി.എസ്.ഡി.പിയ്ക്കായി ലോകബാങ്കിൽ നിന്നും 324.28 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഈ തുകയിൽ നിന്നും 311.34 കോടി രൂപ പെർഫോമൻസ് ഗ്രാന്റിനത്തിൽ ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കുമായി വിതരണം ചെയ്തിട്ടുണ്ട്. 12.94 കോടി രൂപ പ്രോജക്ടിന്റെ മറ്റ് ഘടകങ്ങളായ കാര്യശേഷി വികസനം, മോണിറ്ററിംഗ് ശക്തിപ്പെടുത്തൽ, പ്രോജക്ട് മാനേജ്മെന്റ് എന്നിവയ്ക്കായും വിനിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ